**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2891** **14-02-2024 - ൽ മറുപടിയ്ക്ക്**

**ആദിവാസി പുനരധിവാസ വികസന മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും<br>പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ; | (എ) | ഭൂരഹിതരായ മുഴവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കുക എന്നതാണ് ഈ മിഷന്റെ ലക്ഷ്യം.<br><br>ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂരഹിതർക്ക് റവന്യൂ ഭൂമി ലഭ്യമാക്കി പട്ടയം നൽകുന്നതിനുള്ള നടപടികളും കൂടാതെ വനാവകാശ നിയമ പ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.<br><br>ഇപ്രകാരം ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്ന കുടുംബങ്ങൾക്ക് ഭവനം, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം അവരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും, ജീവനോപാധികൾക്കുമുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br><br>ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെയായി 41549 പേർക്കായി 51108.93 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.<br><br>ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെയായി 5542 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ട്. |
| (ബി) | വനാവകാശ നിയമം, ലാൻഡ് ബാങ്ക് നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ ഇനങ്ങളിലായി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വ്യക്തികൾക്ക് ഒരേക്കർ കൃഷി ഭൂമി വീതം നൽകാൻ ആദിവാസി പുനരധിവാസ വികസന മിഷൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം. എങ്കിലും ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂരഹിതർക്ക് റവന്യൂ ഭൂമി ലഭ്യമാക്കി പട്ടയം നൽകുന്നതിനുള്ള നടപടികളും കൂടാതെ വനാവകാശ നിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. |

**ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഇതുവരെ വിവിധ പദ്ധതികളിലായി ഭൂമി ലഭ്യമാക്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | ലഭ്യമാക്കിയ ഭൂമിയുടെ അളവ് (ഏക്കർ) |
|---|---|---|
| വനാവകാശ നിയമം | 28681 | 38191.72 |
| റവന്യൂ/ഫാം/പ്രോജക്ട് ഭൂമി വിതരണം | 6760 | 7012.29 |
| സ്വന്തമായി ഭൂമി വാങ്ങുന്നതിന് ധനസഹായം | 816 | 386.03 |
| ലാന്റ് ബാങ്ക് പദ്ധതി | 334 | 58.47 |
| നിക്ഷിപ്ത വനഭൂമി വിതരണം | 4787 | 5439.93 |
| പ്രളയ പുനരധിവാസം | 171 | 20.47 |
| **ആകെ** | **41549** | **51108.93** |

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വ്യക്തികൾക്ക് ഒരേക്കർ കൃഷി ഭൂമി വീതം ലഭ്യമാക്കുന്ന നടപടികളുടെ പുരോഗതി വിശദമാക്കാമോ?

(സി) **സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം. എങ്കിലും ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂരഹിതർക്ക് റവന്യൂ ഭൂമി ലഭ്യമാക്കി പട്ടയം നൽകുന്നതിനുള്ള നടപടികളും കൂടാതെ വനാവകാശ നിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.**

**ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഇതുവരെ വിവിധ പദ്ധതികളിലായി ഭൂമി ലഭ്യമാക്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | ലഭ്യമാക്കിയ ഭൂമിയുടെ അളവ് (ഏക്കർ) |
|---|---|---|
| വനാവകാശ നിയമം | 28681 | 38191.72 |
| റവന്യൂ/ഫാം/പ്രോജക്ട് ഭൂമി വിതരണം | 6760 | 7012.29 |

| | | | | | |
|---|---|---|---|---|---|
| | | | സ്വന്തമായി ഭൂമി വാങ്ങുന്നതിന് ധനസഹായം | 816 | 386.03 |
| | | | ലാന്റ് ബാങ്ക് പദ്ധതി | 334 | 58.47 |
| | | | നിക്ഷിപ്ത വനഭൂമി വിതരണം | 4787 | 5439.93 |
| | | | പ്രളയ പുനരധിവാസം | 171 | 20.47 |
| | | | **ആകെ** | **41549** | **51108.93** |

സെക്ഷൻ ഓഫീസർ